## അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നു

**I. ദൈവത്തിന്റെ നിത്യ ലക്ഷ്യം അനേകം പുത്രന്മാരെ തേജസ്സിലേക്ക് കൊണ്ടുവരിക എന്നതാണ്**

- ദൈവത്തിന്റെ നിത്യോദ്ദേശ്യം തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിലൂടെ ഒരു സംഘാതമായ രീതിയിൽ അവനെത്തന്നെ ആവിഷ്കരിക്കുകയാണ്
- നമുക്ക് ദൈവത്തിന് ചെയ്യാൻ കഴിയുന്ന ഏറ്റവും ഉന്നത സേവനം തേജസ്സിൽ അവനെ വെളിപ്പെടുത്തുക എന്നതാണ്
- ദൈവതേജസ്സുള്ള പുതിയ യെരൂശലേം ദൈവത്തിന്റെ സംഘാത ആവിഷ്കാരമാണ്
- തേജസ്സിലേക്കുള്ള നമ്മുടെ പൂർണ്ണ രക്ഷയുടെ കാരണഭൂതൻ (സേനാപതി) ക്രിസ്തുവാണ്
- കാരണഭൂതൻ, സേനാപതി, വഴിയൊരുക്കുന്നവൻ, മുൻഗാമി എന്നീ നിലകളിൽ, ക്രിസ്തു തേജസ്സിലേക്ക് പ്രവേശിക്കുവാൻ നേതൃത്വം എടുത്തു, അവന്റെ അനുയായികളായ നാം, ദൈവം നമുക്ക് നിയോഗിച്ച അതേ തേജസ്സിലേക്ക് കൊണ്ടുവരപ്പെടുവാൻ നാം അതേ വഴി എടുക്കുന്നു
- രക്ഷയുടെ കാരണഭൂതൻ (സേനാപതി) ആയ, തേജസ്സിലുള്ള നരൻ, ദൈവത്തിന്റെ തേജസ്സായ നരൻ, നമ്മുടെ ഉള്ളിലുള്ള തേജസ്സിന്റെ വിത്താണ്
- കഷ്ടാനുഭവത്തിന്റെ പ്രക്രിയയിലൂടെ നാം തേജസ്സിലേക്ക്, ദൈവത്തിന്റെ ആവിഷ്കാരത്തിലേക്ക് രക്ഷിക്കപ്പെടുന്നു
- നമ്മുടെ രക്ഷയുടെ കാരണഭൂതൻ (സേനാപതി) എന്ന നിലയിൽ ക്രിസ്തു നമുക്കുവേണ്ടി പ്രാർഥിക്കുവാനും നമ്മിലേക്ക് ദൈവത്തെ ശുശ്രൂഷിക്കുവാനും നമ്മുടെ മഹാപുരോഹിതനായിരിക്കുന്നതിലൂടെ നമ്മെ തേജസ്സിലേക്ക് നയിക്കാനുള്ള തന്റെ കർത്തവ്യം നിറവേറ്റുന്നു
- രക്ഷയുടെ കാരണഭൂതൻ (സേനാപതി) എന്ന നിലയിൽ ക്രിസ്തു അനേകം പുത്രന്മാരെ വിശുദ്ധീകരണത്തിലൂടെ ജൈവികമായി രക്ഷിച്ചുകൊണ്ട് ദൈവത്തിന്റെ സംഘാത ആവിഷ്കാരമായ തേജസ്സിലേക്ക് നയിക്കുന്നു
    - നമ്മെ ദിവ്യമായി "പുത്രവൽക്കരിക്കുന്ന" ദിവ്യ വ്യവസ്ഥയുടെ നിർവഹണത്തിൽ ദിവ്യ വിശുദ്ധീകരണമാണ് നിലനിർത്തുന്ന രേഖ
    - അന്വേഷിക്കുന്ന വിശുദ്ധീകരണം / സ്ഥാനീയപരമായ വിശുദ്ധീകരണം / വീണ്ടുംജനന വിശുദ്ധീകരണം / പുതുക്കുന്ന വിശുദ്ധീകരണം / രൂപാന്തരപ്പെടുന്ന വിശുദ്ധീകരണം / അനുരൂപീകരണ വിശുദ്ധീകരണം / തേജസ്കരിക്കുന്ന വിശുദ്ധീകരണം

## തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ച് പാളയത്തിന് പുറത്ത് പോകണം

**II. എബ്രായലേഖനത്തിന്റെ ലക്ഷ്യം, അഥവാ ആത്യന്തിക ഉപസംഹാരം, നാം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ച് പാളയത്തിന് പുറത്ത് പോകണം എന്നാണ്**

- തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുക എന്നതിനർഥം കർത്താവ് തേജസ്സിൽ സിംഹാസനസ്ഥനായിരിക്കുന്ന അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുക എന്നാണ്, പാളയത്തിന് പുറത്ത് പോകുക എന്നതിനർഥം കർത്താവിനെ തിരസ്കരിച്ച മതത്തിൽനിന്ന് പുറത്തുവരുക എന്നാണ്
- അനുഭവപരമായി പറഞ്ഞാൽ, ഇന്ന് പ്രായോഗികമായ അതിവിശുദ്ധസ്ഥലം സ്ഥിതി ചെയ്യുന്ന നമ്മുടെ ആത്മാവിലും, പ്രായോഗിക പാളയം സ്ഥിതി ചെയ്യുന്നിടമായ മതത്തിന് പുറത്തും ആയിരിക്കണം നാം
- തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുക എന്നാൽ നമ്മുടെ ആത്മാവിലേക്ക് പ്രവേശിക്കുകയാണ്
    - നമ്മുടെ ആത്മാവിനെ ജ്വലിപ്പിച്ചും, നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിച്ചും, നമ്മുടെ ദേഹിയിൽ നിന്ന് നമ്മുടെ ആത്മാവിനെ വിവേചിച്ചുംകൊണ്ട് നമ്മുടെ ആത്മാവിനെ നാം പരിശീലിപ്പിക്കുകയും ഉപയോഗിക്കുകയും പ്രയോഗിക്കുകയും വേണം
    - തിരശ്ശീലയ്ക്കുള്ളിലായിരിക്കുന്നത് ക്രിസ്തുവിൽ പങ്കുകൊള്ളുകയും, മറഞ്ഞിരിക്കുന്ന മന്ന, തളിർത്ത വടി, ജീവന്റെ പ്രമാണം എന്നീ നിലയിൽ അവനെ ആസ്വദിക്കുകയും ചെയ്യുന്ന മണ്ഡലമായ അതിവിശുദ്ധസ്ഥലത്തായിരിക്കുന്നതാണ്
- യിസ്രായേൽമക്കൾ സ്വർണ കാളക്കുട്ടിയെ ആരാധിച്ച ശേഷം, മോശെ പാളയത്തിന് പുറത്തുള്ള ഒരു സ്ഥലത്തേക്ക് മാറി, അവിടെ കർത്താവിനെ അന്വേഷിച്ച എല്ലാവരും അവനെ കാണാൻ പോയി, കാരണം കർത്താവിന്റെ സാന്നിധ്യവും സംസാരവും അവിടെയായിരുന്നു
    - സ്വർണ കാളക്കുട്ടിയുടെ വിഗ്രഹത്തിന്റെ തത്വത്താൽ നാം മുന്നറിയിപ്പ് ലഭിച്ചവരാകണം, അത് ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനം നിർമ്മിച്ച വിഗ്രഹമായിരുന്നു, അത് അവരെ വിഗ്രഹാരാധനയുടെ പാളയമാക്കി മാറ്റി
    - കർത്താവിന്റെ സാന്നിധ്യം ഇനി ജനത്തിന്റെ മധ്യേ ഉണ്ടാകില്ലെന്ന് മോശെ മനസ്സിലാക്കിയതിനാൽ, അവൻ തന്റെ കൂടാരം നീക്കി പാളയത്തിൽനിന്ന് കുറച്ച് അകലെ സ്ഥാപിച്ചു; അവന്റെ കൂടാരം ദൈവത്തിന്റെ കൂടാരമായി മാറി
    - പേരിൽ കർത്താവിന്റേതാണെങ്കിലും വാസ്തവത്തിൽ വിഗ്രഹങ്ങളെ, അതായത് കർത്താവിനെയല്ലാതെ മറ്റെന്തെങ്കിലും ആരാധിക്കുകയോ, അന്വേഷിക്കുകയോ ചെയ്യുന്ന മതപരമായ ജനത്തെ പാളയം സൂചിപ്പിക്കുന്നു
    - മോശെ തന്റെ കൂടാരം നീക്കി വിഗ്രഹാരാധനയുടെ പാളയത്തിൽനിന്ന് വേർപെട്ടശേഷം, ഒരു മനുഷ്യൻ തന്റെ സ്നേഹിതനോട് സംസാരിക്കുന്നതുപോലെ, കർത്താവ് അവനോട് മുഖാമുഖം സംസാരിച്ചു
    - മോശെ ദൈവവുമായി വളരെ അടുപ്പമുള്ളവനായതിനാൽ, അവൻ ദൈവത്തിന്റെ ഹൃദയത്തെ അറിയുന്നവനും, ദൈവത്തിന്റെ ഹൃദയത്തിനനുസൃതമായവനും, ദൈവത്തിന്റെ ഹൃദയത്തെ സ്പർശിക്കാൻ കഴിയുന്നവനും ആയിരുന്നു
    - ദൈവവുമായി ഒരു പൊതു താൽപ്പര്യം പങ്കിടുന്ന വ്യക്തികളാകാനും ഭൂമിയിൽ അവന്റെ സംരംഭം നടപ്പിലാക്കാൻ അവനാൽ ഉപയോഗിക്കപ്പെടാനും കഴിയുന്നതിന്, കർത്താവുമായി ഏറ്റവും അടുപ്പമുള്ളതും ഹൃദ്യവുമായ ബന്ധം പുലർത്തുന്നതിന് നാം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ച് വിഗ്രഹാരാധനയുടെ പാളയത്തിന് പുറത്തേക്ക് പോകണം